# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4180. 12.11.2019- ൽ മറുപടിക്ക്

### യുവ വീവ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ വേതനവും തൊഴിൽ ദിനങ്ങളും നൽകുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ വേതനവും തൊഴിൽ ദിനങ്ങളും നൽകുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി-നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിനു വേണ്ടി നടപ്പിലാക്കി വരുന്ന യുവ വീവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) തൊഴിൽ രഹിതരായ 18 നും 40 നും മദ്ധ്യേ പ്രായമായ യുവതി യുവാക്കൾക്ക് കൈത്തറി നെയ്ത്തിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "യുവ വീവ്" പദ്ധതി. കുടുംബശ്രീയുമായി ചേർന്ന് അതത് ജില്ലകളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നു. കണ്ടെത്തുന്ന ഗുണഭോക്താക്കളെ 20 പേരടങ്ങുന്ന ഗ്രൂപ്പുകളിലായി 3 മാസം നീണ്ടു നിൽക്കുന്ന നെയ്ത്തിലും നെയ്ത്ത് അനുബന്ധ തൊഴിലിലും പരിശീലനം നൽകുന്നു. പരിശീലന കാലത്ത് ഒരു ദിവസം 200 രൂപ വീതം സ്റ്റൈപന്റും നൽകുന്നു. പരിശീലനം പൂർത്തിയാക്കുന്നതോടുകൂടി 20 പേർക്കും ഓരോ തറി വീതം സൗജന്യമായി വിതരണം ചെയ്യുന്നു. തറികൾ വിതരണം ചെയ്യുന്നതിന് പൊതു മേഖല സ്ഥാപനമായ കാഡ്കോയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പരിശീലനത്തിന് ശേഷം ഉത്പാദനത്തിലേർപ്പെടുന്നവർക്ക് മൂന്നു മാസത്തേയ്ക്ക് വേതന ശോഷണത്തിനായി പ്രതിദിനം 125 രൂപ വീതം നൽകിവരുന്നു. പദ്ധതിയിൽ ഇതുവരെ 15 ബാച്ചുകളിലായി 300 പേർക്ക് പരിശീലനം നൽകുകയും, തുടർ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. പരിശീലനം ലഭിച്ചവർ മുഴുവനും വനിതകളാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി വ്യവസായ മേഖലയുടെ വികസനത്തിനുമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് **"സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി"**. യൂണിഫോം പദ്ധതി നടപ്പിലാക്കി മൂന്ന് വർഷം പിന്നിട്ടപ്പോൾ 5000-ൽ അധികം നെയ്ത്തു തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. സംസ്ഥാനത്ത് പ്രവർത്തന രഹിതമായി പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. പദ്ധതി നിലവിൽ വന്നതിനു ശേഷം തൊഴിലാളികൾക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നുണ്ട്. മൂന്ന് വർഷം കൊണ്ട് 98 ലക്ഷത്തോളം മീറ്റർ തുണി ഉല്പാദിപ്പിച്ച വകയിൽ തൊഴിലാളികൾക്ക് 124.80 കോടി രൂപ കൂലിയായി നല്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## യുവവീവ് പദ്ധതി

തൊഴിൽ രഹിതരായ 18 നും 40 നും മദ്ധ്യേ പ്രായമായ യുവതി യുവാക്കൾക്ക് കൈത്തറി നെയ്ത്തിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "യുവ വീവ്" പദ്ധതി. കുടുംബശ്രീയുമായി ചേർന്ന് അതത് ജില്ലകളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നു. കണ്ടെത്തുന്ന ഗുണഭോക്താക്കളെ 20 പേരടങ്ങുന്ന ഗ്രൂപ്പുകളിലായി 3 മാസം നീണ്ടു നിൽക്കുന്ന നെയ്ത്തിലും നെയ്ത്ത് അനുബന്ധ തൊഴിലിലും പരിശീലനം നൽകുന്നു. പരിശീലിപ്പിക്കുന്നവർക്ക് 3 മാസം 200/-രൂപ വീതം സ്റ്റൈപന്റും, ശേഷം 3 മാസം 125/-രൂപ വീതം വേതന ശോഷണത്തിനായി ദിവസേന നല്കും. കൂടാതെ നെയ്ത്തു തറിയും സൗജന്യമായി നൽകി വരുന്നു.

## ഒരു വീട്ടിൽ ഒരു തറി പദ്ധതി

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു തറി' എന്ന പദ്ധതി പ്രകാരം നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികളില്ലാത്തതും വീടിനോടനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്ക് ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40,000/- രൂപ സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കൈത്തറി സുരക്ഷാ പദ്ധതി

കൈത്തറി ഉല്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ സ്കൂൾ യൂണിഫോം പദ്ധതിയിൽപ്പെടാത്ത ഇതര നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റെക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് 'കൈത്തറി സുരക്ഷ' പദ്ധതി. കേരളത്തിലെ കൈത്തറി സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ നെയ്ത്തുകാരെ പങ്കാളികളാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ ഒരു ലക്ഷത്തോളം സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ